# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1059 14-06-2012-ൽ മറുപടിക്ക്

# കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ സമീപത്തെ റോഡ്

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
| --- | --- |
| (എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ ഒരു വശത്തു കൂടി ജീപ്പ് റോഡിന് അനുമതി നൽകുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്നും എന്തെങ്കിലും നിർദ്ദേശമോ കത്തോ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ എന്നാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) കോഴിക്കോട് കീഴാരിയൂർ എ.ആർ. ക്യാമ്പ് റോഡിന്റെ നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകുന്നതിന് സമ്മതമാണെന്ന ആഭ്യന്തര വകുപ്പിന്റെ അനുമതിയും തുടർ നടപടികൾക്കായുള്ള ശുപാർശയും 7.10.2010-ൽ ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് കത്ത് അയച്ചത് എന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് 24.11.2010-ൽ കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്ന ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| സി) പ്രസ്തുത റോഡിന് അനുമതി നൽകുന്നത് സംബന്ധിച്ച് രണ്ട് വർഷമായിട്ടും തീരുമാനമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ഉണ്ട്. |

(.........2)

| | |
|---|---|
| ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ; | ഡി) ഇത് സംബന്ധിച്ച് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) കോഴിക്കോട് എ.ആർ. ക്യാമ്പിന്റെ ഒരു വശത്തുകൂടി ജീപ്പ് റോഡിന് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കുമോ ; | (ഇ) ഇല്ല. |
| എഫ്) റോഡിന് അനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (എഫ്) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ